ഇവിടെ വായിച്ചിരുന്നെങ്കിൽ ഇന്നലെത്തന്നെ ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തൃപ്തികരമായ തീരുമാനമുണ്ടാകുമായിരുന്നു. അത് ആരാണ് വെട്ടിക്കളഞ്ഞത്. അതൊക്കെ ഇവിടെ അറിയാനുള്ള സാഹചര്യം വേണ്ടേ.....(ബഹളം).....

മി. സ്പീക്കർ : യെസ്... യെസ്..... .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി : ഗവൺമെന്റിനു പറയാനുള്ളത് പറയട്ടെ. ചർച്ച യില്ലെങ്കിൽ അതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റിന് എന്തൊക്കെയോ മറച്ചുവയ്ക്കാനുണ്ട്. ഗവൺമെന്റിന് പ്രതിപക്ഷം പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട് എന്നാണ് ജനങ്ങൾ ധരിക്കുന്നത്. ഇന്നലെത്തന്നെ പല കാര്യങ്ങളും പുറത്തുവന്നിട്ടുണ്ട്. അതുകൊണ്ട് ഇതു സംബന്ധിച്ച് ചർച്ച വേണം. ഗവൺമെന്റിന് മറച്ചുവയ്ക്കാനില്ലെങ്കിൽ ഗവൺമെന്റ് മറുപടി പറയട്ടെ. .....(ബഹളം).....

മി. സ്പീക്കർ : യെസ്... യെസ്... ചെയർ അടുത്ത നടപടിയിലേക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കൽ... ശ്രീ. കെ. സി. ജോസഫ്.. .....(ബഹളം)..... യെസ്, ശ്രീ. പി. വിശ്വൻ .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്നും ഭരണകക്ഷി അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റു നിന്നും മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേക്ക് കടന്നു.)

മി. സ്പീക്കർ : .....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിനോട് സഹകരിക്കണം. ഇന്ന് അവസാനത്തെ ദിവസമാണ്. എല്ലാ അംഗങ്ങളും സഹ കരിക്കണം. ശ്രദ്ധക്ഷണിക്കൽ... ശ്രീ. കെ. സി. ജോസഫ്. Not in the seat. ശ്രീ. പി. വിശ്വൻ .....(ബഹളം) .....

## IV ശ്രദ്ധ ക്ഷണിക്കൽ

(ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

### ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ : സർ, ഗൾഫ് നാടുകളിലെ പതിനേഴുലക്ഷം ഇൻഡ്യാക്കാരുടെ വികാരമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. .....(ബഹളം)..... ഗൾഫ് നാടുകളിൽ തൊഴിലെടുക്കുന്ന ഗൾഫ് മലയാളികൾ ഓരോവർഷവും അയയ്ക്കുന്ന പണം കേന്ദ്രം കേരളത്തിന് നൽകുന്ന പണത്തിന്റെ ഇരട്ടിയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടിയുണ്ടാകണം. ..... (ബഹളം).....

മി. സ്പീക്കർ : .....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് 1950-ലെ ജനപ്രാതിനിധ്യനിയമത്തിലെ സെക്ഷൻ 20 (എ) ഭേദഗതി വരുത്തി നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ 18.2.2011-ന് കേരളത്തിൽ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി അതാതു ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാൽ മുഖേനയോ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ഫോറം 6 (എ)-യിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തപാൽ മുഖേന അയയ്ക്കുന്നവർ അപേക്ഷയോടൊപ്പം എംബസി സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ടിന്റേയും വിസയുടേയും പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. നേരിട്ട് സമർപ്പിക്കുന്നവർ അപേക്ഷ സമർപ്പിക്കുമ്പോൾ അസ്സൽ പാസ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. നിലവിൽ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ നടക്കുന്നത് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന മുഖ്യ കാര്യാലയത്തിൽ മാത്രമാണ്. ക്ഷേമനിധിയുടെ സേവനം കൂടുതൽ പ്രവാസികൾക്ക് ലഭ്യമാക്കുന്നതിനായി 20-12-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം എറണാകുളത്തും കോഴിക്കോട്ടും മാർച്ച് ആദ്യവാരം മേഖല ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് കേരളത്തിലുടനീളം പ്രവർത്തിക്കുന്ന രണ്ടായിരത്തോളം അക്ഷയ കേന്ദ്രങ്ങൾ വഴി അംശദായം അടയ്ക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2011-2012 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വെൽഫയർ ഫണ്ടിനായി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള യാത്രാ നിരക്കുകൾ വിമാന കമ്പനിയാണ് തീരുമാനിക്കുന്നത്. സീസണിൽ മറ്റു വിമാന കമ്പനികളുമായി താരതമ്യപ്പെടുത്തുമ്പോൾ എയർ ഇന്ത്യയുടെ യാത്രാ നിരക്കുകൾ കുറവാണ്. എന്നിരുന്നാലും നിരക്കിനെക്കുറിച്ചുള്ള ആവശ്യം എയർ ഇന്ത്യ പരിഗണിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിലേക്കായി നോർക്കാ വകുപ്പും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയും സംയുക്തമായി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായുള്ള ആദ്യ യോഗം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ അഭിമുഖ്യത്തിൽ 7-2-2011-ൽ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവരുടെ മോചനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രവാസികൾക്ക് നിയമസഹായം നൽകുന്നതിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ലഭ്യമാക്കിയ വിവരം അനുസരിച്ച് വിദേശത്ത് ജയിലിൽ കഴിയുന്നവർക്ക് ആവശ്യമായ നിയമസഹായം, നിയമോപദേശം,

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിലെ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള സഹായം, അവരുടെ ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിന് വേണ്ട എല്ലാ നടപടികളും സ്വീകരിക്കാറുണ്ടെന്നും എംബസി അധികൃതർ തുടർച്ചയായി ജയിലുകൾ സന്ദർശിച്ച് ജയിൽ മോചനത്തിന് വേണ്ടനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. രണ്ടാം കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടും (ഭാഗം-1) ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

സെക്രട്ടറി നിയമസഭ: സർ, 2010-ലെ കേരള പോലീസ് ആക്ട് (2011-ലെ 8-ാം ആക്റ്റ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

II. വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിട്ട 223-ാം നമ്പർ ചോദ്യത്തിന്റെ (ബി) (സി) പിരിവുകൾക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റ്.

III. ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1724-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവ്, 1725-ാം നമ്പർ ചോദ്യത്തിന്റെ (ബി) (സി) പിരിവുകൾ എന്നിവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റ്.

## VI നിയമനിർമ്മാണകാര്യം

### (1) 2011-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2011-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly